# Athmaraksha.org

നമ്മുടെ അവസാന നാളുകൾ

## മരിച്ചവർക്കുവേൺണ്ടി പ്രാർത്ഥിക്കുന്നത്




ഇവരുടെ ഈ പാപം തുടച്ചുമാറ്റണമെന്നു യാചിച്ച് അവർ പ്രാർഥനയിൽ മുഴുകി. പാപം നിമിത്തം മരണത്തിന് ഇരയായവർക്ക് സംഭവിച്ചതെന്തെന്ന് ഒരിക്കൽ കണ്ട ജനത്തോട് പാപത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ വീരപുരുഷനായ യൂദാസ് ഉപദേശിച്ചു. അനന്തരം, അവൻ അവരിൽനിന്നു രണ്ടായിരത്തോളം ദ്രാക്മാ വെള്ളി പിരിച്ചെടുത്തു പാപപരിഹാരബലിക്കായി ജറുസലെമിലേക്ക് അയച്ചുകൊടുത്തു. പുനരുത്ഥാനം ഉണ്ടാകുമെന്ന് ഉറച്ച് യൂദാസ് ചെയ്ത ഈ പ്രവൃത്തി ശ്രേഷ്ഠവും ഉചിതവും തന്നെ. മരിച്ചവർ ഉയിർക്കുമെന്നു പ്രതീക്ഷയില്ലായിരുന്നെങ്കിൽ അവർക്കുവേണ്ടി പ്രാർഥിക്കുന്നത് നിഷ്പ്രയോജനവും ഭോഷത്തവും ആകുമായിരുന്നു. എന്നാൽ, ദൈവഭക്തിയോടെ മരിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന അമൂല്യസമ്മാനത്തെക്കുറിച്ച് അവൻ പ്രത്യാശ പുലർത്തിയെങ്കിൽ അത് പാവനവും ഭക്തിപൂർണവുമായ ഒരു ചിന്തയാണ്. അതിനാൽ മരിച്ചവർക്ക്, പാപമോചനം ലഭിക്കുന്നതിന് അവൻ അവർക്കുവേണ്ടി പാപപരിഹാരകർമം അനുഷ്ഠിച്ചു (2 മക്കബായർ 12:42-45).

ജീവിച്ചിരിക്കുന്നവർക്ക് ഉദാരമായി നൽകുക; മരിച്ചവരോടുള്ള കടമ മറക്കരുത് (പ്രഭാഷകൻ 7:33).

അപ്പോൾ നവോമി മരുമക്കളോടു പറഞ്ഞു: നിങ്ങൾ മാതൃഭവനങ്ങളിലേക്കു മടങ്ങിപ്പോകുവിൻ. മരിച്ചവരോടും എന്നോടും നിങ്ങൾ കരുണകാണിച്ചു. കർത്താവ് നിങ്ങളോടും കരുണകാണിക്കട്ടെ! (റൂത്ത് 1:8).

മരിച്ചവർക്കുവേണ്ടി ബലി (2 മക്കബായർ 12:38-45)
മരിച്ചുപോയ ഒനേസിമോസിനുവേണ്ടി പ്രാർത്ഥിക്കുന്നത് (ഫിലെമോൻ 1:8-19)